# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 299      18-03-2013-ൽ മറുപടിയ്ക്ക്

**ഷോളയൂരിൽ ആദിവാസി യുവതി പീഡിപ്പിക്കപ്പെട്ട സംഭവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ ഷോളയൂരിൽ വിശാലാക്ഷി എന്ന ആദിവാസി യുവതിയെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തി, വനത്തിൽ ഉപേക്ഷിക്കപ്പെട്ട സംഭവം സംബന്ധിച്ച കേസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; | (എ) ഇല്ല. ഇതുമായി ബന്ധപ്പെട്ട് ഷോളയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 66/2011 യു/എസ് 174 സി.ആർ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇനിയും ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ; | (ബി) & (സി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ മരണപ്പെട്ട വിശാലാക്ഷിയെ കൊല ചെയ്യപ്പെട്ടതായോ ബലാൽസംഗം ചെയ്തതായോ ഇതേവരെ വെളിവായിട്ടില്ല. |
| (സി) സംഭവത്തിനുത്തരവാദികൾ ആരൊക്കെയായിരുന്നു; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ